# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3787 | 12.12.2018 ൽ മറുപടിക്ക്

### രാജിവച്ച മന്ത്രിമാർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് എത്ര മന്ത്രിമാർ രാജിവച്ചു എന്ന് വ്യക്തമാക്കാമോ; ഏതൊക്കെ വകുപ്പുകൾ ആണ് അവർ കൈകാര്യം ചെയ്തത് എന്ന് വിശദമാക്കാമോ ; | (എ)<br>&<br>(ബി) | ഈ സർക്കാർ അധികാരത്തിൽ ഏറിയതിനു ശേഷം മന്ത്രിസഭയിൽ നിന്നും നാലു മന്ത്രിമാർ രാജിവയ്ക്കുകയുണ്ടായി.<br><br>1. ശ്രീ. ഇ.പി. ജയരാജൻ<br>(വ്യവസായങ്ങൾ, വാണിജ്യം, കൈത്തറിയും തുണി വ്യവസായവും, ഖാദിയും ഗ്രാമീണ വ്യവസായവും, ഖനനവും ഭൂവിജ്ഞാനവും, കായിക-യുവജനകാര്യം എന്നീ വകുപ്പുകളായിരുന്നു അദ്ദേഹം കൈകാര്യം ചെയ്തത്)<br>2. ശ്രീ. എ.കെ. ശശീന്ദ്രൻ<br>(റോഡ് ഗതാഗതം, മോട്ടോർ വാഹനങ്ങൾ, ജലഗതാഗതം എന്നീ വകുപ്പുകളുടെ ചുമതല ആയിരുന്നു അദ്ദേഹം വഹിച്ചിരുന്നത്)<br>3. ശ്രീ. തോമസ് ചാണ്ടി<br>(അദ്ദേഹവും കൈകാര്യം ചെയ്തിരുന്നത് റോഡ് ഗതാഗതം, മോട്ടോർ വാഹനങ്ങൾ, ജലഗതാഗതം എന്നീ വകുപ്പുകളായിരുന്നു.)<br>4. അഡ്വ. മാത്യു ടി. തോമസ്<br>(ജലസേചനം, ജലവിതരണവും ജലശുചീകരണവും, ഭൂജല വികസനം, കമാൻഡ് ഏരിയ ഡെവലപ്പ്മെന്റ് അതോറിട്ടി എന്നീ വകുപ്പുകളായിരുന്നു അദ്ദേഹം കൈകാര്യം ചെയ്തത്)<br><br>പൊതുമേഖലാ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം സംബന്ധിച്ച് ആരോപണമുയർന്നതിനെ തുടർന്നാണ് ശ്രീ. ഇ.പി.ജയരാജൻ മന്ത്രിസഭയിൽ നിന്നും രാജിവച്ചത്. ഒരു സ്വകാര്യ ടെലിവിഷൻ പുറത്തുവിട്ട ശബ്ദരേഖയെ തുടർന്നായിരുന്നു ശ്രീ. എ. കെ. ശശീന്ദ്രന്റെ രാജി.<br><br>ശ്രീ. തോമസ് ചാണ്ടി, അഡ്വ. മാത്യു ടി. തോമസ് എന്നിവർ തങ്ങളുടെ പാർട്ടി തീരുമാന പ്രകാരമായിരുന്നു മന്ത്രിസഭയിൽ നിന്നും രാജിവച്ചത്. |
| (ബി) | ഓരോ മന്ത്രിയും ഏതെല്ലാം വിഷയങ്ങളുടെ പേരിലാണ് രാജിവച്ചതെന്ന് വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ